# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7638 23/07/2012 ൽ മറുപടിക്ക്

**പി.എസ്.സി.യുടെ ഓൺലൈൻ പരീക്ഷാ സംവിധാനം**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി പുതുതായി ആരംഭിക്കുന്ന ഓൺലൈൻ പരീക്ഷയ്ക്ക് എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്; | (എ) 2012 ൽ പ്രാബല്യത്തിൽ വരുത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുള്ള ഓൺലൈൻ പരീക്ഷയ്ക്കായുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ചുള്ള സോഫ്റ്റ്വെയറിന്റെ വിശദാംശങ്ങൾ സമർപ്പിക്കുവാൻ സിഡിറ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന് കുറഞ്ഞത് 4 മാസത്തെ സമയമാണ് സി.ഡിറ്റ് ആവശ്യപ്പെട്ടിരിക്കുന്നത്. |
| (ബി) പരീക്ഷ നടത്തിപ്പിനായി ഏത് ഏജൻസിയുമായി സഹകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സി.ഡിറ്റുമായി സഹകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്ക് വേണ്ടിയുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| (സി) ഇത് നടപ്പാക്കുന്നതിന് മുമ്പ് സാങ്കേതിക പരിഗണനയ്ക്ക് വിധേയമാക്കുമോ? | (സി) പി.എസ്.സിയുടെ സാങ്കേതിക സമിതി മുൻപാകെ ഒരു Prototype Presentation നടത്തുവാൻ സി.ഡിറ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സാങ്കേതിക സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയ ശേഷമായിരിക്കും ടി പദ്ധതി പൂർണ്ണ തോതിൽ നടപ്പിൽ വരുത്തുന്നത്. |

സെക്ഷൻ ഓഫീസർ